# മലങ്കര ശ്ലൈഹിക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. തിയഡോഷ്യസ് മാർത്തോമ്മായിൽ നിന്നും

**സർക്കുലർ നമ്പർ: 167**

*നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്*

കർത്താവിൽ വാത്സല്യമുള്ളവരെ,

നമ്മുടെ സഭയുടെ വൈദിക വിദ്യാഭ്യാസത്തിന്റെയും ദൈവശാസ്ത്ര അഭ്യസനത്തിന്റെയും മുഖ്യ ഇടവും, 1926–ൽ സ്ഥാപിതമായതും കോട്ടയം സിയോൻ കുന്നിൽ സ്ഥിതി ചെയ്യുന്നതുമായ മാർത്തോമ്മാ വൈദീക സെമിനാരി പ്രവർത്തന സരണിയിൽ നൂറാം വർഷത്തിലേക്ക് പ്രവേശിക്കുന്നു എന്നത് സഭയെ സംബന്ധിച്ച് സന്തോഷം നൽകുന്ന വസ്തുതയാണ്.

സെറാമ്പൂർ സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്ത നമ്മുടെ സെമിനാരിയിൽ 4 വർഷ ബി ഡി പ്രോഗ്രാമിൽ 58 വിദ്യാർത്ഥികൾ ഇപ്പോൾ പരിശീലനം നേടുന്നു. ബിരുദാനന്തര പഠനത്തിനും, ഗവേഷണത്തിനും അവസരം ഒരുക്കുന്ന എഫ്. എഫ്. ആർ. ആർ. സി. യിൽ എം. റ്റി. എച്ച് നും, ഡി. റ്റി. എച്ച് നും വിദ്യാർത്ഥികൾ സെമിനാരിയിൽ അഭ്യസനം നടത്തുന്നു. സെമിനാരിയുടെ കറുകച്ചാൽ എക്സ്റ്റൻഷൻ ക്യാമ്പസിലെ പ്രവർത്തനങ്ങളും സജീവമായി നടക്കുന്നു.

**'തബ്നിത്'** എന്ന എബ്രായ പദമാണ് (പുറപ്പാട്:25:9) ശതാബ്ദി ചിന്തകൾക്ക് ആധാരമായി സെമിനാരി തിരഞ്ഞെടുത്തിരിക്കുന്നത്. 'മാതൃക' അഥവാ 'രൂപം' എന്ന് അർത്ഥം വരുന്ന പദമാണിത്. ശതാബ്ദി ആഘോഷിക്കുവാൻ ഒരുങ്ങുന്ന സെമിനാരി സമൂഹത്തിലേക്ക് ഇറങ്ങി മനുഷ്യോന്മുഖമായ ശാക്തീകരണ ഇടപെടലുകൾ ആണ് ലക്ഷ്യമിടുന്നത് (empowerment programmes). നിർധനരായ കുട്ടികളുടെ പഠനം, വിദ്യാഭ്യാസ സഹായം, സഭയിലെ വിവിധ സംഘടനകളിൽ നിന്നും തെരഞ്ഞെടുത്തവരെ നേതൃത്വത്തിന്റെ പടവുകളിലേക്ക് ഉയർത്തുന്നതിനുള്ള വേദികൾ എന്നിങ്ങനെ വിവിധ ക്രിയാത്മകപരിപാടികൾ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമാണ്.

സെമിനാരിയുടെ പ്രവർത്തനങ്ങൾക്ക് പുതിയ കെട്ടിടങ്ങളുടെ (സീനായ് സെന്റിനറി ബ്ലോക്ക്) നിർമ്മാണവും നിലവിലുള്ള കെട്ടിടങ്ങളുടെ പുനരുദ്ധാരണവും പൂർത്തീകരിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. അടുത്തവർഷം സെറാമ്പൂർ സർവ്വകലാശാലയുടെ ബിരുദദാന ചടങ്ങിന് (University Convocation) നമ്മുടെ സെമിനാരിയാണ് ആതിഥേയത്വം നൽകുന്നത്. ശതാബ്ദിയോട് അനുബന്ധിച്ചുള്ള പരിപാടികൾക്ക് അഞ്ചുകോടി രൂപയാണ് ചിലവ് പ്രതീക്ഷിക്കുന്നത്.

വിശ്വാസ സമൂഹത്തിന്റെ സാമ്പത്തിക പിന്തുണയും പ്രാർത്ഥനയും ലഭിച്ചുവെങ്കിൽ മാത്രമേ സെമിനാരിയുടെ ശതാബ്ദി പ്രവർത്തനങ്ങൾ സുഗമമായി മുമ്പോട്ടു കൊണ്ടുപോകുവാൻ കഴിയുകയുള്ളൂ. സെമിനാരിയുടെ സാമ്പത്തിക ആവശ്യങ്ങൾ മനസിലാക്കി ഇടവക വികാരിമാരും ചുമതലക്കാരും ജനങ്ങളും ഹൃദയപൂർവ്വം ശതാബ്ദി പ്രവർത്തനങ്ങളിൽ സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. സെമിനാരിയെ ഓർത്തു തുടർന്നും പ്രാർത്ഥിക്കണം.

കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ.

എന്ന്, തിരുവല്ലാ പൂലാത്തീനിൽ നിന്നും 2025 നവംബർ മാസം 3–ാം തീയതി,

**ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ**